പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2478

05/02/2018 - ൽ മറുപടിക്ക്

## മാവേലിക്കര താലൂക്കിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

ചോദ്യം

ശ്രീ.ആർ. രാജേഷ്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | മാവേലിക്കര താലൂക്കിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങൾ എത്രയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ; | എ) | മാവേലിക്കര താലൂക്കിൽ 7 പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു<br>1. താമരക്കുളം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എ.266<br>2. പാലമേൽ വില്ലേജ് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എ.649<br>3. നൂറനാട് വില്ലേജ് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എ.733<br>4. ഭരണിക്കാവ് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എ.728<br>5. വള്ളികുന്നം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എച്ച്.ഡബ്ല്യു.1<br>6. മാവേലിക്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എ.658<br>7. കണ്ണമംഗലം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എ.740 |

| | | | |
|---|---|---|---|
| ബി) | പ്രവർത്തനക്ഷമമല്ലാത്ത സഹകരണസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ബി) | പ്രവർത്തന ക്ഷമമല്ലായെന്ന് പൂർണ്ണമായും ബോധ്യപ്പെട്ട കണ്ണാട്ടുമോടി പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എച്ച്.ഡബ്ല്യു 10, ചെന്നിത്തല പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എ.647 എന്നീ രണ്ട് സംഘങ്ങൾ സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്.<br>എന്നാൽ പ്രവർത്തന ക്ഷമമല്ലാതിരുന്ന തെക്കേക്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നം.എ 723 നെ പുനരുദ്ധരിക്കുന്നതിനായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികജാതി/ പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മൊത്തമായി വിലയിരുത്തി പുനരുദ്ധരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ